"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കുടുംബശ്രീ സംസ്ഥാന മിഷനിൽ പ്രോഗ്രാം ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീ.ശ്രീകാന്ത്.എ.എസ്-ന്റെ ചികിത്സാ ആവശ്യത്തിനായി അനുവദിച്ച പലിശരഹിത വായ്പ - ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1784/2026/LSGD തീയതി,തിരുവനന്തപുരം, 22-09-2026

---

പരാമർശം:-
1. 18.10.1985-ലെ 40658/G2/85/H&FWD നമ്പർ പരിപത്രം.
2. 08.09.2025-ലെ സ.ഉ.(സാധാ)നം.2184/2025/തസ്വഭവ
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23.12.2025-ലെ MR.5/28275/2025/ഡി.എച്ച്.എസ് നമ്പർ കത്ത്.
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29/04/2026-ലെ 1442/E1/2023/KSHO നമ്പർ കത്ത്.

<u>ഉത്തരവ്</u>

കുടുംബശ്രീ സംസ്ഥാന മിഷനിൽ പ്രോഗ്രാം ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ (നിലവിൽ അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ) ശ്രീ.ശ്രീകാന്ത്.എ.എസ്-ന്റെ ചികിത്സാ ആവശ്യത്തിനായി പരാമർശം (2) പ്രകാരം പലിശ രഹിത വായ്പ തുകയായി ₹3,50,000/- ( മൂന്നര ലക്ഷം രൂപ) അനുവദിച്ചിരുന്നു. ചികിത്സയ്ക്ക് ശേഷം ടിയാൻ ഹാജരാക്കിയ ₹3,40,739.4/- ന്റെ അനിവാര്യതാ സർട്ടിഫിക്കറ്റ് പരിശോധിച്ച ആരോഗ്യ വകുപ്പ് ഡയറക്ടർ ടിയാന് അനുവദനീയമായ തുക ₹3,37,934/- (മൂന്നു ലക്ഷത്തി മുപ്പത്തിയേഴായിരത്തി തൊള്ളായിരത്തി മുപ്പത്തിനാല്) ആയി നിജപ്പെടുത്തി പരാമർശം (3) പ്രകാരം മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ന് ശിപാർശ ചെയ്തിരുന്നു. ടിയാൻ അധികമായി കൈപറ്റിയ തുകയായ ₹12,066/- 2515-00-102-29-PV ശീർഷകത്തിൽ തിരിച്ചടച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാൾക്ക് പലിശരഹിത വായ്പയായി അനുവദിച്ച തുക ക്രമീകരിച്ച് നൽകണമെന്ന് പരാമർശം (4) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ സംസ്ഥാന മിഷനിൽ പ്രോഗ്രാം ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ

സേവനമനുഷ്ഠിച്ചിരുന്ന തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ.ശ്രീകാന്ത്.എ.എസ്-ന്റെ ചികിത്സാ ആവശ്യത്തിനായി അനുവദിച്ച ₹3,50,000/- രൂപയുടെ പലിശരഹിത വായ്പയിൽ നിന്നും 12,066/- രൂപ 2515-00-102-29-PV ശീർഷകത്തിൽ തിരിച്ചടച്ചിട്ടുള്ളതിനാൽ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ള ₹3,37,934/-(മൂന്നു ലക്ഷത്തി മുപ്പത്തിയേഴായിരത്തി തൊള്ളായിരത്തി മുപ്പത്തിനാല്) രൂപ പരാമർശം(1)-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി ധർമലശ്രീ ഐ എ എസ്
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ശ്രീ. ശ്രീകാന്ത് എ. എസ്, അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി, കൊല്ലം
കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&.ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)
✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (IA1/247/2025-LSGD)

ഉത്തരവിൻ പ്രകാരം
Digitally signed by
Satheesh Kumar S
Date: 22-09-2026
17:48:50
സെക്ഷൻ ഓഫീസർ